"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- "ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം"-റെസ്യൂം ചെയ്ത തുക - റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.49/2025/HSG തീയതി,തിരുവനന്തപുരം, 06-11-2025

പരാമർശം:- 1. സ. ഉ. (സാധാ) നം. 8/2025/HSG തീയതി 20.03.2025

2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 11.06.2025 ലെ KSHB-HO/106/2025-AF1,30.07.2025 ലെ KSHB-HO/374/2025-AF1 നമ്പർ കത്തുകൾ.

**ഉത്തരവ്**

2024-2025 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് "എൽ. ഐ. ജി/എം. ഐ. ജി 1 ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം" പദ്ധതിയ്ക്കായി പരാമർശം (1) പ്രകാരം റിലീസ് ചെയ്ത് നല്കിയ ₹1,47,00,000/- (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷം രൂപ മാത്രം) പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചില്ലെന്നും ബോർഡിന്റെ PSTSB ആക്കൗണ്ടിൽ നിന്നും 1,25,02,000 രൂപ റെസ്യൂം ചെയ്തെന്നും, പ്രസ്തുത പദ്ധതിയ്ക്കായി ആകെ അപേക്ഷ നല്കിയ 82 പേരിൽ 24 പേർക്ക് (ഒന്നാം ഗഡു) മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷം സബ്സിഡി നല്കാൻ സാധിച്ചിട്ടുള്ളതെന്നും ബാക്കി 58 അപേക്ഷകർക്ക് കൂടി ഒന്നാം ഗഡു സബ്സിഡി അനുവദിക്കുന്നതിനും ആകെ അപേക്ഷകർക്ക് മൂന്ന് ഗഡുക്കളും അനുവദിക്കുന്നതിനുമായി റെസ്യൂം ചെയ്ത ₹1,25,02,000/- (ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷത്തി രണ്ടായിരം രൂപ മാത്രം) റീ ക്രഡിറ്റ് ചെയ്തു നൽകണമെന്ന് ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ , കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ "എൽ. ഐ. ജി/എം. ഐ. ജി 1 ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം" പദ്ധതിയുടെ റെസ്യൂം ചെയ്ത തുകയായ ₹1,25,02,000/- (ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷത്തി രണ്ടായിരം രൂപ മാത്രം) 2025-2026 സാമ്പത്തിക വർഷം 4216-80-800-95 (01) എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 16.04.2018-ലെ സ ഉ. (പി) നം. 62/2018/ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധനയും 30/01/2018-ലെ സർക്കുലർ നം.

08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
4. ധനകാര്യ (പി.യൂ-സി) വകുപ്പ് (2890130/PU-C3/129/2024-Fin dated 31.10.2025)
5. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

സെക്ഷൻ ഓഫീസർ

Date: 06-11-2025 11:11:17